LIBRARY ARCHIVES Kerala Legislative Assembly

## Motion on the Demonstrations in the Gallery

*Chief Minister* (**Shri C. Achutha Menon**) : Sir, I move:—This House resolves that the persons calling themselve. Viswakala Thankappan and M. P. Velayudhan Achary who shouted slogans and threw pamphlets from the Visitors' Gallery on the floor of the House at 12 Noon today March 25, 1974 and were taken into custody immediately thereafter, have committed a grave offence and are guilty of gross contempt of this House,

This House further resolves that they be sentenced to simple imprisonment till 5 p. m. on March 31, 1974 and be sent to the Central Prison, Trivandrum.

*Minister for Works* (*Shri T. K. Divakarrn*) : I second it.

The motion was put and carried.

## Ruling

### Expunction from the P AC Report

മി. സ്പീക്കർ : പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററി ചെയർമാൻ നിയമസഭയിൽ അവതരിപ്പിച്ച പത്തൊൻപതാമത് റിപ്പോർട്ടിലെ ചില ഭാഗങ്ങൾ നീക്കം ചെയ്തതിനെപ്പററി കഴിഞ്ഞ ദിവസം ചില പരാമർശങ്ങൾ ഉണ്ടായി. നീക്കം ചെയ്ത ഭാഗങ്ങൾ ഉൾപ്പെടെ റിപ്പോർട്ടിന്റെ പൂർണ്ണരൂപം പ്രസിദ്ധീകരിക്കണമെന്ന് ഇന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി.

'മുകന്ദറ' പാലത്തിന്റെ പണിയെക്കുറിച്ചുള്ള തർക്കത്തിൽ ഒരു ആർബിട്രേററുടെ നിയമനം സംബന്ധിച്ച് ഗവൺമെന്റ് ഫയലിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുകളുടെ വിശദാംശങ്ങളും അതിനെ അധികരിച്ചുള്ള അഭിപ്രായവുമാണ് നീക്കം ചെയ്തിട്ടുള്ള ഭാഗങ്ങൾ. പ്രസ്തുത ഗവൺമെന്റ് ഫയൽ ഇന്നത്തെ കമ്മിററിയുടെ ചെയർമാനോ, കമ്മിററിയംഗങ്ങളോ പരിശോധിച്ചിട്ടുള്ളതല്ല. 1972-73-ലെ കമ്മിററിയുടെ പ്രവർത്തനകാലത്താണ് ഫയൽ ഗവൺമെന്റിൽനിന്നും വരുത്തിയത്. അന്നത്തെ കമ്മിററി ചെയർമാൻ ഫയൽ പരിശോധിച്ച ശേഷം ഉടനെ തന്നെ മടക്കി അയയ്ക്കുകയും ചെയ്തു. അന്നത്തെ കമ്മിററി മുമ്പാകെയും ഫയലോ, അതിനെ അധികരിച്ച് തയാറാക്കിയ നോട്ടോ, പരിഗണനയ്ക്ക് വരികയുണ്ടായിട്ടില്ല. വസ്തുതകൾ ഇങ്ങനെയിരിക്കെ, പ്രസ്തുത ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുകളുടെ വിശദരൂപം റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നത് ആശാസ്യമായ ഒരു നടപടിക്രമമല്ല. ഈ കാര്യം കമ്മിററി ചെയർമാനായ ശ്രീ. ടി. കെ. കൃഷ്ണനെ ബോദ്ധ്യപ്പെടുത്തുവാൻ ഞാൻ ഒന്നിലധികം തവണ ശ്രമിക്കുകയുണ്ടായി. അതിനുശേഷമാണ് റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ നീക്കം ചെയ്യുവാൻ ഞാൻ നിർദ്ദേശം നൽകിയത്.

നിയമസഭാ കമ്മിററികളുടെ സ്വാതന്ത്ര്യവും നിഷ്പക്ഷവും ആയ പ്രവർത്തനത്തിന് യാതൊരു വിധമായ പ്രതിബന്ധങ്ങളും സൃഷ്ടിക്കുവാൻ പാടുള്ളതല്ല. പക്ഷെ നമ്മുടെ അവകാശാധികാരങ്ങളെ പരിരക്ഷിക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ, അംഗീകൃതമായ നടപടിക്രമങ്ങൾക്കും പെരുമാററ ചട്ടങ്ങൾക്കും വിരുദ്ധമായോ, വിപരീതമായോ നാം ഒരിക്കലും പ്രവർത്തിച്ചു കൂടായെന്നും ഓർക്കേണ്ടതുണ്ട്. 'പൊതുതാൽപര്യസംരക്ഷണത്തിന്റെ പേരിൽ കമ്മിററികൾക്ക് ആവശ്യമായ ഫയലുകൾ ഗവൺമെന്റ് നൽകാതിരുന്നിട്ടുള്ള സന്ദർഭങ്ങൾ മററു ചില സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുണ്ട്. സ്പീക്കർ ഇടപെട്ടതിനുശേഷം സ്പീക്കറുടെ പരിശോധനക്കായി ഫയലുകൾ സമർപ്പിക്കുന്ന രീതിയും അനുവർത്തിച്ചുവരുന്നുണ്ട്. നിയമസഭാകമ്മിററികൾക്ക് ഫയലുകൾ പരിശോധിക്കുന്നതിന് സഭാനാഥന്റെയും സഭാദ്ധ്യക്ഷന്റെ ഇടപെടൽ ആവശ്യമായി വന്ന സന്ദർഭങ്ങൾ ഇതേവരെ ഇവിടെ ഉണ്ടായിട്ടില്ല. അങ്ങിനെ ഒരു സാഹചര്യം ഇവിടെ ഒരിക്കലും ഉണ്ടാവുകയില്ലെന്നും ഞാൻ കരുതുന്നു. കമ്മിററികളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന പ്രവണതയെ നിരുൽസാഹപ്പെടുത്തുവാൻ നാം ജാഗരൂകരായിരിക്കേണ്ടതോടൊപ്പം, നമ്മുടെ പ്രവർത്തന സംപ്രദായങ്ങൾ നടപടിക്രമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും അനുസൃതമായിരിക്കാനും നാം ശ്രമിക്കേണ്ടതുണ്ട്. നാം അംഗീകരിച്ചിട്ടുള്ള പാർലമെന്ററി ജനാധിപത്യഭരണവ്യവസ്ഥയുടെ വിജയത്തിന് ഈ സമീപനം അത്യന്താപേക്ഷിതമാണ്.

എന്റെ നിർദ്ദേശാനുസരണം നീക്കം ചെയ്തിട്ടുള്ള ഭാഗങ്ങൾ റിപ്പോർട്ടിൽ ഉണ്ടായിരിക്കുന്നത് ഗവൺമെന്റിന് അനുകൂലമോ പ്രതികൂലമോ ആയിരിക്കാം. പക്ഷെ സംഗതമായ പ്രശ്നം അതല്ല. കമ്മിററിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടില്ലാത്ത ഒരു ഫയലിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുകളുടെ വിശദാംശങ്ങൾ കമ്മിററിയുടെ റിപ്പോർട്ടിൽ ചേർക്കുന്നത് യുക്തവും നടപടിക്രമങ്ങൾക്ക് അനുസൃതവും ആണോ എന്നതാണ്. അല്ല എന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. അങ്ങിനെ ചെയ്യുകയാണെങ്കിൽ അതൊരു ചീത്തകീഴ്വഴക്കം സൃഷ്ടിക്കുക കൂടിയായിരിക്കും. അതിനാൽ ആ ഭാഗങ്ങൾ റിപ്പോർട്ടിൽ വീണ്ടും ചേർക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന സ്വീകരിക്കാൻ സാധിക്കാത്തതിൽ എനിക്ക് ഖേദമുണ്ട്.

പക്ഷെ ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്ന അടിസ്ഥാന രഹിതമായ സംശയത്തിന്റെ ധൂമപടലം മാററുന്നതിനുവേണ്ടി, നീക്കം ചെയ്തിട്ടുള്ള ഭാഗങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ടിന്റെ ഒരു കോപ്പി സഭാംഗങ്ങളുടെ പരിശോധനയ്ക്കായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

മറെറാരു കാര്യം കൂടി. നിയമസഭാ സെക്രട്ടറിയേററിനേയും, സെക്രട്ടറിയേയുംപ്പററി ഇന്ന് കാലത്ത് ബഹുമാനപ്പെട്ട മെമ്പർ തലവടി ഉമ്മൻ ഏററവും നിർഭാഗ്യകരമായ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. നിയമസഭാ സെക്രട്ടറിയുടേയും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടേയും പ്രധാന ചുമതലകളിൽ ഒന്ന് സ്പീക്കറുടെ ഔദ്യോഗിക കൃത്യനിർവഹണത്തിന് ആവശ്യമായ ഉപദേശവും സഹായവും നൽകുന്നതാണ്. ഈ സെക്രട്ടറിയേററിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ ഓരോ പ്രശ്നത്തെയും സംബന്ധിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ ഫയലുകളിൽ രേഖപ്പെടുത്തിയിരിക്കും. ആ അഭിപ്രായങ്ങൾ സ്വീകരിക്കണമോ, വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് സ്പീക്കറാണ്. ഒരു തീരുമാനം സ്വീകരിച്ചു കഴിഞ്ഞാൽ അതിനുള്ള സംപൂർണമായ ഉത്തരവാദിത്വം സ്പീക്കർക്കാണ് എന്ന് ഒന്നുകൂടി ഉറപ്പിച്ചു പറയുവാൻ ഞാനാ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രഹിക്കുന്നു. ഞാനെടുക്കുന്ന തീരുമാനങ്ങൾക്ക് നിയമസഭാ സെക്രട്ടറിയേയോ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ കുററം പറഞ്ഞിട്ട് കാര്യമില്ല. അത് ഒട്ടും തന്നെ ആശാസ്യമായ ഒരു നടപടിയുമല്ല. ഈയൊരു രീതി ബഹുമാനപ്പെട്ട ഈ സഭയുടെ അന്തസ്സിന് ചേർന്നതുമല്ല. ഉദ്യോഗസ്ഥന്മാരുടെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തെ ഈ മാതിരി കുററപ്പെടുത്തലുകൾ പ്രതികൂലമായി ബാധിക്കുന്നതുമാണ്. ഈ പ്രവണതയെ ഒരിക്കലും അനുവദിക്കുന്നതല്ല എന്ന് ഒന്നുകൂടി ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

The Assembly adjourned at 1.35 p. m. to meet again at 8.00 a.m. on Tuesday, the 26th March, 1974.

LIBRARY ARCHIVES Kerala Legislative Assembly